(ബി) ഇവർക്ക് പെൻഷൻ നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഫയലുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. അരിവാൾ രോഗികളുടെ പ്രതിമാസ പെൻഷൻ 1000 രൂപയിൽ നിന്നും 2000 രൂപയാക്കി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) അരിവാൾ രോഗികൾക്കുള്ള പെൻഷൻ പദ്ധതി സാമൂഹ്യനീതി വകുപ്പിലൂടെ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ സർക്കാർ ഉത്തരവാകുന്നതിനുവേണ്ടി നടപടി സ്വീകരിക്കാൻ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, പട്ടികജാതി വികസന വകുപ്പ് എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സേവനാവകാശ നിയമം

24 (2838) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമം നടപ്പിലാക്കാത്ത വകുപ്പുകളിൽ ആയത് നടപ്പിലാക്കുന്നതിന് എന്തെല്ലാം പ്രായോഗിക തടസ്സങ്ങൾ ആണ് ഉള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാം തന്നെ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012-ന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. നിയമം ശരിയായ വിധത്തിൽ നടപ്പിലാക്കുന്ന കാര്യത്തിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാസർഗോഡ് ജില്ലയിലെ വർഗ്ഗീയ സംഘട്ടനങ്ങൾ

25 (2841) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വർഗ്ഗീയതയും ജാതീയതയും പ്രചരിപ്പിക്കുകയും നിസ്സാര കാരണങ്ങൾപോലും വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടാകുന്ന തരത്തിൽ വഴിമാറ്റപ്പെടുകയും ചെയ്യുന്ന ആസൂത്രിത സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly